(ഡി) വിവര സാങ്കേതിക വിദ്യയുടേയും കാർഷിക ജൈവസാങ്കേതിക വിദ്യയുടേയും അനന്തസാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കാർഷിക മേഖല നവീകരിക്കുന്നതിനും അതുവഴി കാർഷിക വിജ്ഞാനവ്യാപനത്തിനും കാർഷിക മേഖലയിൽ സുസ്ഥിരത കൈവരിക്കുന്നതിനും സംസ്ഥാനത്ത് കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കൃഷി ലാഭകരമാക്കുന്നതിനും, മൈക്രോ പ്രോപ്പഗേഷൻ വഴി ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനും ബയോകൺട്രോൾ ഏജന്റുകളും ബയോ ഫെർട്ടിലൈസറുകളും ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള പദ്ധതി നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും റിപ്പോർട്ടിലുണ്ട്. വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള കിസാൻ കേരള പ്രോജക്ടും ബയോടെക്നോളജി ഉപയോഗിച്ച് കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ബയോടെക്-കേരള എന്ന പ്രോജക്ടും റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിൽ ആദ്യ ഘട്ടത്തിൽ വാനിലയും നേന്ത്രനും രണ്ടാം ഘട്ടത്തിൽ കുരുമുളക്, ഏലം, ഓർക്കിഡുകൾ, ആന്തൂറിയം ഇനങ്ങൾ എന്നിവയും ആണ് ലക്ഷ്യമിട്ടിരിക്കുന്നത്.

'കിസാൻ-കേരള' പദ്ധതിക്ക് ഭരണാനുമതി നൽകുകയും അതിനായി 46 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ആദ്യപടിയായി പത്ത് കൃഷി ഭവനുകളിൽ ഇത് നടപ്പിലാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കാർഷിക വിവരങ്ങൾ കർഷകർക്ക് കേബിൾ ടി. വി. ശൃംഖലവഴി എത്തിച്ചുകൊടുക്കുന്നതിനും ഏഷ്യാനെറ്റുമായി കരാറിൽ ഏർപ്പെട്ടു. സംപ്രേഷണത്തിന്റെ ഉൽഘാടനം 20-6-2003-ൽ നടന്നു.

'ബയോടെക്-കേരള' പദ്ധതി നിർദ്ദേശങ്ങൾ പരിശോധനയിലാണ്. സർക്കാർ വിശദമായി പരിശോധിച്ച് തീരുമാനമെടുത്തതിനുശേഷം കോപ്പികൾ ലഭ്യമാക്കാം.

പാലിൽനിന്ന് പാൽപ്പൊടി നിർമ്മാണം

* 12 [585] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
,, കെ. അച്ചുതൻ:
,, പി. ടി. തോമസ്:
ശ്രീമതി മേഴ്സി രവി:
ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പാലിൽനിന്ന് പാൽപ്പൊടി നിർമ്മിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രതിമാസം എത്ര പാൽപ്പൊടി ഉൽപ്പാദിപ്പിക്കുന്നു;

(സി) സംസ്ഥാനത്ത് പാലിൽനിന്ന് എന്തെല്ലാം ഉൽപ്പന്നങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ ഉണ്ടാക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവ കയറ്റുമതി ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്.

(ബി) 2003-2004-ൽ സംഭരിക്കുന്ന പാലിന്റെ അളവ് വിപണനത്തേക്കാൾ അധികം ഇല്ലാത്തതിനാൽ പാൽപ്പൊടിയായി കൺവെർഷൻ ചെയ്യുന്നില്ല. എന്നാൽ ഉൽപ്പന്നമായി വിൽക്കുന്നതിനുവേണ്ടി ഓരോ മാസവും 27,000 ലിറ്റ റോളം പാൽ കൺവെർട്ട് ചെയ്ത് ഡയറിവൈറ്റ്നറായി ഉൽപ്പാദിപ്പിക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് പാലിൽനിന്ന് ക്രീം, വെണ്ണ, നെയ്യ്, ഐസ്ക്രീം, ഫ്ളവേർഡ് മിൽക് പേട, ചോക്ലേറ്റ്, ഹൽവ, പനീർ, തൈര്, സംഭാരം, കുൽഫി, പാലടമിക്സ് തുടങ്ങിയവ വ്യാവസായികാടിസ്ഥാനത്തിൽ ഉണ്ടാക്കുന്നുണ്ട്.

(ഡി) വളരെ കുറച്ച് നെയ്യ് മാത്രമാണ് മിൽമ നാളിതുവരെ കയറ്റുമതി ചെയ്തിട്ടുള്ളത്. മിൽമ ഉൽപ്പാദിപ്പിക്കുന്ന എല്ലാ ഉൽപ്പന്നങ്ങൾക്കും ആവശ്യത്തിന് പ്രാദേശിക വിപണി ഉള്ളതിനാൽ ആഗോള കമ്പോളത്തിൽ വിപണനം ചെയ്യുന്നതിനാവശ്യമായ സ്വയാർജ്ജിത ഗുണനിലവാര സർട്ടിഫി ക്കറ്റുകൾ ലഭിക്കുന്നമുറയ്ക്ക് കയറ്റുമതിയെപ്പറ്റി ആലോചിക്കുന്നതാണ്.

12-ാം ധനകാര്യ കമ്മീഷൻ

* 13 [586] ശ്രീ. ഡി. സുഗതൻ:
„ എം. മുരളി:
„ എ. പി. അനിൽകുമാർ:
„ ലൂഡി ലൂയിസ്:
„ കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 12-ാം ധനകാര്യ കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ താൽപ്പര്യം പരിരക്ഷിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് പറയുമോ;

(ബി) ധനകാര്യ കമ്മീഷൻ സംസ്ഥാനം സന്ദർശിക്കുമ്പോൾ സംസ്ഥാ നത്തെ രാഷ്ട്രീയ കക്ഷി പ്രതിനിധികളെ ചർച്ചയ്ക്കു വിളിക്കാറുണ്ടോ;

(സി) ഉണ്ടെങ്കിൽ കാലേക്കൂട്ടി സംസ്ഥാനത്തെ രാഷ്ട്രീയ കക്ഷികൾക്ക് മുമ്പിൽ വാദഗതികൾ നിരത്തുവാനാവശ്യമായ വിവരങ്ങൾ നൽകു വാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly